**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T.5249 23.05.2017 ൽ മറുപടിയ്ക്ക്**

**കൃഷിഭൂമികൾ മണ്ണിട്ടു നികത്തുന്നത് തടയുന്നതിനുള്ള നടപടി**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.പി. ഉണ്ണി** | **ശ്രീ. വി.എസ്.സുനിൽ കുമാർ (ബഹു.കൃഷി വകുപ്പ് മന്ത്രി)** |
| (എ) കാർഷിക മേഖലയെയും പരിസ്ഥിതിയെയും സംരക്ഷിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ; | (എ) കേരളത്തിലെ പ്രധാന വിളകളായ നെല്ല്, തെങ്ങ്, പച്ചക്കറികൾ മുതലായവയുടെ കൃഷി സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായുള്ള സംസ്ഥാനാവിഷ്കൃത പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. വിള ആരോഗ്യ പരിപാലന പദ്ധതിയിലൂടെ പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്ന കീടനാശിനികളുടേയും കളനാശിനികളുടേയും ഉപയോഗം പരമാവധി കുറച്ച് സംയോജിത രോഗ - കീട നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിന് കർഷകരെ ബോധവൽക്കരിക്കുകയും പരിശീലനം നൽകി വരുകയും ചെയ്യുന്നുണ്ട്. ഈ പദ്ധതിയിലൂടെ ഇക്കോളജിക്കൽ എൻജിനീയറിംഗ് മുതലായ കൃഷി രീതികളെ കുറിച്ച് കർഷകരെ ബോധവൽക്കരിക്കുന്നുണ്ട്.<br>കേരളത്തിലെ തനത് നെല്ലിനങ്ങളായ ഞവര, പൊക്കാളി, ജീരകശാല, ഗന്ധക ശാല, രക്തശാലി തുടങ്ങിയവയുടെ കൃഷി സംരക്ഷിക്കുന്നതിനും പ്രോൽസാഹിപ്പിക്കുന്നതിനും 1200 ഹെക്ടറിൽ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.<br>മണ്ണിന്റെ അമ്ലത കുറയ്ക്കുന്നതിനും സസ്യങ്ങൾക്കാവശ്യമായ മൂലകങ്ങളുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിനുമായി കുമ്മായ വസ്തുക്കളുടെ വിതരണം സബ്ഡിഡി നിരക്കിൽ തെരഞ്ഞെടുത്ത ജില്ലകളിൽ നടപ്പിലാക്കി വരുന്നുണ്ട്. ജൈവ വളങ്ങളുടെ ഉല്പാദനത്തിനും ഉപയോഗം പ്രോൽസാഹിപ്പിക്കുന്നതിനുമുള്ള നടപടികൾ കേരഗ്രാമം, ജൈവകൃഷി പദ്ധതി , പരമ്പരാഗത കൃഷി വികാസ് യോജന മുതലായ പദ്ധതികളിലൂടെ നടപ്പിലാക്കി വരുന്നു.<br>ഗുഡ് അഗ്രികൾച്ചർ പ്രാക്ടീസസ് (GAP) കൃഷിയിടങ്ങളിൽ പ്രാവർത്തികമാക്കാനും ജൈവ കൃഷി രീതികൾ പ്രോൽസാഹിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. സേഫ് - റ്റു- ഈറ്റ് പദ്ധതിയിലൂടെ വിഷരഹിത കാർഷികോൽപ്പന്നങ്ങളുടെ ഉൾപ്പാദനത്തിനും |

| | | | |
|---|---|---|---|
| | | | വിപണനത്തിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം ഉല്പാദിപ്പിക്കുന്ന പഴം, പച്ചക്കറി ഉല്പന്നങ്ങൾ ജി.എ.പി. സർട്ടിഫിക്കേഷൻ നൽകി 'കേരള ഓർഗാനിക്' എന്ന ലേബലിൽ വിപണനം നടത്തി വരുന്നു.<br>നല്ല കൃഷി മുറകളും ജൈവ കൃഷി രീതികളും അവലംബിക്കുന്നതിലൂടെ പ്രകൃതി വിഭവങ്ങളും ജല സ്രോതസ്സുകളും കൃഷിയിലൂടെ മലിനീകരിക്കപ്പെടുന്നത് ലഘൂകരിക്കുന്നതിന് സാധിക്കുന്നതാണ്. കൂടാതെ ജലത്തിന്റേയും മറ്റു പ്രകൃതി വിഭവങ്ങളുടേയും സൂക്ഷ്മമായ ഉപഭോഗത്തിന് മുൻഗണന നൽകുന്ന കൃഷി പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (PMKSY) ഇത്തരത്തിൽ ആവിഷ്കരിക്കപ്പെട്ടിട്ടുള്ള പദ്ധതിയാണ്. കൂടാതെ പാരിസ്ഥിതിക പ്രാധാന്യം ഏറെയുള്ള നെൽ വയലുകളും , തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിനായി രൂപീകരിക്കപ്പെട്ടിട്ടുള്ള 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രായോഗിക തലത്തിൽ കൂടുതൽ കാര്യക്ഷമതയോടെ നടപ്പിലാക്കി വരുന്നു. |
| (ബി) | അനധികൃതമായി കൃഷിഭൂമികൾ മണ്ണിട്ടു നികത്തുന്നത് തടയുന്നതിനുള്ള നടപടികൾ കുറ്റമറ്റതാക്കുവാൻ എന്തെല്ലാം സംവിധാനങ്ങൾ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൃഷി വകുപ്പ് നടപ്പിലാക്കിയെന്ന് വിശദീകരിക്കാമോ? | (ബി) | നെൽവയലുകൾ തരം മാററി മണ്ണിട്ടു നികത്തുന്നതു തടയുന്നതിനുള്ള നടപടി സ്വീകരിക്കുന്നത് റവന്യൂ വകുപ്പാണ്. നെൽവയലുകളുടെ അനധികൃത പരിവർത്തനം തടയുന്നതിനായി 2008-ലെ കേരളനെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ പാലിച്ചു വരുന്നു. നെൽവയലുകളുടേയും, തണ്ണീർത്തടങ്ങളുടേയും ഡാറ്റാ ബാങ്ക് പ്രദേശിക നിരീക്ഷണ സമിതിയുടെ നേതൃത്വത്തിൽ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും തയ്യാറാക്കി പ്രസിദ്ധീകരിക്കാനുള്ള നടപടി കൈക്കൊണ്ടിട്ടുണ്ട്. കൃഷി ഭൂമി തരിശിടുന്നതും മറ്റാവശ്യങ്ങൾക്ക് വിനിയോഗിക്കുന്നത് തടയുന്നതിനുമായി തരിശു നിലങ്ങളിലെ നെല്ല് , പച്ചക്കറി കൃഷി പ്രോൽസാഹന പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഒരുപ്പൂ കൃഷി പ്രദേശങ്ങളിൽ ഇരുപ്പൂ കൃഷി ചെയ്യുന്നതിനുള്ള പദ്ധതികളും കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**